ലേഖനം

കെ. ജാബിര്‍

# ബദ്ര്‍ മഹായുദ്ധം: കൂടിയാലോചനയുടെ പാഠം



**ഖുര്‍ആനിക ധര്‍മങ്ങളുടെ പൂര്‍ത്തീകരണത്തിന്റെ ഒടുവിലത്തെ ആവിഷ്‌കാരമായിരുന്നു ബദ്ര്‍. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ ലബ്ധിക്കുശേഷം, പിന്നിട്ട പതിനാലു വര്‍ഷങ്ങളിലൂടെ പ്രത്യയശാസ്ത്രപരമായും സാംസ്‌കാരികമായും ധാര്‍മികമായുമെല്ലാം മേല്‍ക്കോയ്മ കരസ്ഥമാക്കിയ ഇസ്‌ലാമിന്റെയും ഖുര്‍ആനികാശയങ്ങളുടെയും മികവ് ശാക്തിക തലത്തില്‍കൂടി അരക്കിട്ടുറപ്പിക്കുകയായിരുന്നു ബദ്ര്‍.**

**മാനുഷ്യകത്തിന്റെ** ഗതി തിരിച്ചുവിട്ട നിര്‍ണായക സംഘട്ടനങ്ങളും യുദ്ധങ്ങളും ലോകചരിത്രത്തില്‍ എമ്പാടുമുണ്ട്. ചില ശക്തികളുടെ വിജയംകൊണ്ട് അവയില്‍ ചിലത് ശ്രദ്ധേയമായപ്പോള്‍ മറ്റുചിലത് അടയാളപ്പെട്ടത് ചില വന്‍ശക്തികളുടെ പരാജയഭാരം കൊണ്ടായിരുന്നു. ബദ്ര്‍, ഉഹുദ്, ഖാദിസിയ്യ, നഹാവന്ദ്, കര്‍ബല, സ്വിഫ്ഫീന്‍ തുടങ്ങിയ ഇസ്‌ലാമിക ചരിത്രത്തിലെ മഹാസംഭവങ്ങള്‍ മുതല്‍ നെപ്പോളിയന്റെ ജൈത്രയാത്രകള്‍ക്ക് കടിഞ്ഞാണിട്ട വാട്ടര്‍ലൂ, കൊളോണിയലിസത്തിന് അന്ത്യം കുറിക്കുകയും ഹിറ്റ്‌ലര്‍-മുസോളിനിമാരുടെ ശവപ്പെട്ടിയില്‍ അവസാന ആണി തറക്കുകയും ചെയ്ത ഒന്നും രണ്ടും ലോകയുദ്ധങ്ങള്‍വരെ ഈ നിലയില്‍ ശ്രദ്ധേയങ്ങളാണ്. എന്നാല്‍, ഈ യുദ്ധങ്ങളില്‍ മഹായുദ്ധങ്ങള്‍ രണ്ടേയുള്ളൂ. first world war, second world war എന്നിങ്ങനെ ഇംഗ്ലീഷില്‍ വ്യവഹരിക്കപ്പെടുന്ന ഇരു യുദ്ധങ്ങളും നമ്മള്‍ മലയാളത്തിലാക്കിയപ്പോള്‍ ഒന്നും രണ്ടും ലോകമഹായുദ്ധങ്ങളായി അവ മാറി. അതേസമയം, *ഗസ്‌വതു ബദ്ര്‍ അല്‍കുബ്‌റാ* എന്ന് ചരിത്രഗ്രന്ഥങ്ങളെല്ലാം പരാമര്‍ശിക്കുന്ന ബദ്ര്‍ മഹായുദ്ധത്തെ നമ്മള്‍ കേവലം ബദ്ര്‍ യുദ്ധമാക്കി പരിമിതപ്പെടുത്തി.

ഇവിടെ തുടങ്ങുന്നു ബദ്‌റിന്റെ മഹത്വം യഥാവിധി മനസ്സിലാക്കുന്നതില്‍ നമുക്ക് പറ്റിയ വീഴ്ച. സന്നാഹം, ദൈര്‍ഘ്യം, ആള്‍നാശം എന്നിത്യാദി മഹായുദ്ധത്തിന്റെ നടപ്പു മാനദണ്ഡങ്ങള്‍ വെച്ചുനോക്കുമ്പോള്‍ മുന്‍ചൊന്ന ഏതൊരു യുദ്ധത്തിന്റെയും താഴെയായിരിക്കും ബദ്‌റിന്റെ സ്ഥാനം. യഥാര്‍ഥത്തില്‍ അതുതന്നെയാണ് ബദ്‌റിന്റെ മഹത്വവും. 1600 പടയാളികള്‍, നൂറ്റമ്പതില്‍ താഴെ കുതിരകള്‍, എഴുനൂറില്‍ താഴെ പടച്ചട്ടകള്‍; ഇതായിരുന്നു ബദ്‌റില്‍ ഇരു പക്ഷത്തുമായി പോരിനിറങ്ങിയ കക്ഷികളുടെ കൈമുതല്‍. പോരിന്റെ ദൈര്‍ഘ്യം ഒരു പകലിലെ ഏതാനും മണിക്കൂറുകള്‍. ആള്‍നാശമാകട്ടെ, ഇരുപക്ഷത്തുമായി വെറും 84. സ്വാതന്ത്ര്യലബ്ധിക്കുശേഷം ഇന്ത്യാമഹാരാജ്യത്ത് അരങ്ങേറിയ നൂറുക്കണക്കായ വര്‍ഗീയകലാപങ്ങളിലെ ആള്‍നാശവുമായി ബദ്‌റിലെ ആള്‍നാശത്തെ താരതമ്യം ചെയ്തുനോക്കൂ. ബദ്‌റിന്റെ 'ചെറുപ്പം' നമുക്കവിടെ കാണാം. ഇത്രയും ലഘുവായ ഒരു സംഘട്ടനത്തെ യുദ്ധമഹത്വത്തിന്റെ നടപ്പുമാപിനി വെച്ച് അളന്നാല്‍ യുദ്ധമെന്നു പോലും പറയാമോ? പിന്നെ എന്തടിസ്ഥാനത്തിലായിരിക്കാം ബദ്‌റിനെ ചരിത്രഗ്രന്ഥങ്ങള്‍ മഹായുദ്ധമെന്നു വിശേഷിപ്പിച്ചത്? ഇവിടെ നമ്മുടെ അളവുകോലുകള്‍തന്നെ മാറേണ്ടിയിരിക്കുന്നു. ഒരു യുദ്ധം അവശേഷിപ്പിക്കുന്ന സദ്ഫലങ്ങളും വിനിമയം ചെയ്യുന്ന

ഉദാത്ത സന്ദേശങ്ങളുമാണ് അതിന്റെ മഹത്വം നിർണയിക്കേണ്ടത്. അന്നിലയ്ക്കു ചിന്തിക്കുമ്പോൾ, ബദ്റിനോളം മഹത്വമേറിയ ഒരു യുദ്ധം ലോകം ദർശിച്ചിട്ടേയില്ലെന്ന് കാണാം.

ബദ്ർ ദിനത്തെ 'യൗമുൽഫുർഖാൻ' എന്ന അപരനാമത്തിലും ഖുർആൻ പരിചയപ്പെടുത്തിയിട്ടുണ്ടല്ലോ. വിശുദ്ധ ഖുർആന്റെ അപരനാമങ്ങളിലൊന്ന് *അൽ ഫുർഖാൻ* എന്നതുതന്നെ. സത്യവും അസത്യവും ഇടകലരാതെ പരസ്പരം വേറിട്ടുനിന്ന ദിവസമായിരുന്നു ബദ്ർ. ഖുർആന്റെ അവതരണധർമവും ഇതേ സത്യാസത്യവിവേചനം തന്നെ. ഇനി നോക്കൂ, ആശയതലത്തിൽ ഖുർആൻ സാക്ഷാത്കരിച്ച അവതരണധർമം തന്നെയല്ലേ ശാക്തികമായും സായുധമായും ബദ്ർ സാക്ഷാത്കരിച്ചത്. വാസ്തവത്തിൽ, ഖുർആനിക ധർമങ്ങളുടെ പൂർത്തീകരണത്തിന്റെ ഒടുവിലത്തെ ആവിഷ്കാരമായിരുന്നു ബദ്ർ. മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വലബ്ധിക്കുശേഷം, പിന്നിട്ട പതിനാലു വർഷങ്ങളിലൂടെ പ്രത്യയശാസ്ത്രപരമായും സാംസ്കാരികമായും ധാർമികമായുമെല്ലാം മേൽക്കോയ്മ കരസ്ഥമാക്കിയ ഇസ്‌ലാമിന്റെയും ഖുർആനികാശയങ്ങളുടെയും മികവ് ശാക്തിക തലത്തിൽകൂടി അരക്കിട്ടുറപ്പിക്കുകയായിരുന്നു ബദ്ർ. അതെ, ദീനിന്റെ തന്നെ പൂർത്തീകരണമായിരുന്നു ബദ്ർ. ഈ പരുവത്തിൽ ചിന്തിക്കുമ്പോഴാണ്, ഖുർആന്റെ അവതരണത്തിന് നാന്ദികുറിക്കപ്പെട്ടതും ബദ്ർ സംഭവിച്ചതും റമദാൻ പതിനേഴിനായതിന്റെ പൊരുളും കാവ്യാത്മകതയും നമുക്ക് ഗ്രഹിക്കാനാവുക.

## ആ പ്രാർഥനയുടെ പൊരുൾ

"അല്ലാഹുവേ, ഇസ്‌ലാമിന്റെ ഈ കൊച്ചുസംഘം ഇന്നിവിടെ പരാജയപ്പെടാനിട വന്നാൽ ഭൂമുഖത്ത് നീ ഒരിക്കലും വണങ്ങപ്പെടാത്ത അവസ്ഥ സംജാതമായേക്കും'' എന്നായിരുന്നു ബദ്റിൽ ദൈവികസഹായം തേടി കരളുരുകി തിരുമേനി പ്രാർഥിച്ചത്. ഇസ് ലാമിക ചരിത്രത്തിൽ മുസ് ലിംകൾക്ക് കനത്ത തിരിച്ചടിയേറ്റ സംഘർഷ സാഹചര്യങ്ങൾ പിന്നീട് പലതും കടന്നുപോയിട്ടുണ്ടെങ്കിലും അവയൊന്നും തിരുമേനിയിൽ ബദ്ർ സൃഷ്ടിച്ചത്ര മാനസികസംഘർഷം ഉളവാക്കിയതായി ചരിത്രരേഖകളിൽ കാണുന്നില്ല. മേൽ പ്രാർഥനാവേളയിൽ, വാനലോകത്തേക്ക് കൈകളുയർത്തി ഉച്ചത്തിൽ പ്രാർഥിച്ചുകൊണ്ടിരുന്ന തിരുമേനിയുടെ ചുമലിൽനിന്ന് തട്ടം താഴെ വീണപ്പോൾ അത് തൽസ്ഥാനത്തുവെച്ച് അബൂബക്ർ (റ) തിരുമേനിയെ ആശ്ലേഷിച്ച് ഇങ്ങനെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു: "ദൈവദൂതരേ, മതിയാക്കൂ..... അല്ലാഹു വാക്കു പാലിക്കാതിരിക്കില്ല." അപ്പോൾ മാത്രമാണ്, "ഈ ശത്രുസംഘം പരാജയപ്പെടുകയും പിന്തിരിഞ്ഞോടുകയും ചെയ്യും" എന്ന ദിവ്യവചനമുദ്ധരിച്ച് തിരുമേനി തമ്പിനു പുറത്തേക്ക് വന്നത്. പിന്നീട് ഉഹ്ദിൽ വിജയം കൈവിട്ടുപോയപ്പോഴും ഹുനൈൻ യുദ്ധത്തിന്റെ പ്രാരംഭവേളയിൽ മുസ്‌ലിംസൈന്യം ചിതറിയോടിയപ്പോഴും തിരുമേനി ഇത്രമേൽ സംഘർഷം അനുഭവിച്ചതായി കാണുന്നില്ല. തിരുമേനിയുടെ കാലശേഷം, നിരവധി പോരിടങ്ങളിൽ മുസ്‌ലിം സൈന്യം വിജയക്കൊടി പാറിച്ചതോടെ പല വൻസാമ്രാജ്യങ്ങളുടെയും കവാടങ്ങൾ ഇസ്‌ലാമിനുമുന്നിൽ മലർക്കെ തുറക്കപ്പെട്ടു. ഖാദിസിയ്യ, നഹാവന്ദ് പോലുള്ള യുദ്ധങ്ങൾ ഉദാഹരണം. ആ യുദ്ധങ്ങളിൽ ഇസ്‌ലാമിക സൈന്യം പരാജയപ്പെട്ടിരുന്നെങ്കിൽ അന്നാടുകളുടെ പിടിച്ചടക്കലിന് അൽപ്പം കാലവിളംബം സംഭവിക്കുമെന്നതൊഴിച്ചാൽ ലോകത്ത് ഇസ്‌ലാമിന്റെ നിലനിൽപ്പിന് അതൊരിക്കലും ഭീഷണിയായി മാറാനുള്ള സാധ്യത ഉണ്ടായിരുന്നില്ല. യൂറോപ്പിന്റെ ഹൃദയഭൂമിയായ പാരീസിന്റെ പടിവാതിൽവരെ ചെന്നെത്തിയ അബ്ദുറഹ്മാൻ ഗാഫഖിയുടെ നേതൃത്വത്തിലുള്ള മുസ്‌ലിം സൈന്യം ക്രിസ്ത്യൻ സേനയുടെ ചെറുത്തുനിൽപ്പിനു മുന്നിൽ അടിതെറ്റി ബലാത്വുശ്ശുഹദാഇൽ പോരാട്ടം അവസാനിപ്പിച്ച് പിൻവാങ്ങിപ്പോയ സംഭവം ഓർത്തുനോക്കൂ. അന്ന് മുസ്‌ലിം സൈന്യത്തെ വിജയം തുണച്ചിരുന്നെങ്കിലോ? ജവഹർലാൽ നെഹ്റു തന്റെ Glimpses of World History യിൽ പറഞ്ഞത്, ബലാത്വുശ്ശുഹദാഇൽ അബ്ദുറഹ്മാൻ ഗാഫഖിയുടെ സൈന്യത്തെ വിജയം കടാക്ഷിച്ചിരുന്നെങ്കിൽ ലോകചരിത്രം തന്നെ മറ്റൊന്നാകുമായിരുന്നു എന്നാണ്. എന്നാൽ, നമ്മൾ ജീവിക്കുന്ന ഈ പുതിയ കാലത്താണ് യൂറോപ്പ് ഇസ്‌ലാമിനധീനപ്പെടേണ്ടത് എന്നായിരുന്നു ദൈവനിശ്ചയം എന്ന സൂചന നൽകുംവിധമാണല്ലോ ഇപ്പോൾ സംഭവങ്ങൾ ഉരുത്തിരിയുന്നത്. ബലാത്വുശ്ശുഹദാഇലെ പരാജയം ഇസ്‌ലാമിന് ഒരു കോട്ടവും വരുത്തിയില്ലെന്ന് ചുരുക്കം. എന്നാൽ, ബദ്റിൽ ഇങ്ങനെയൊരു ചോയ്സേ ഇല്ലായിരുന്നു. വിജയത്തിൽ കുറഞ്ഞ ഒന്നുകൊണ്ടും വിശ്വാസിസമൂഹം തൃപ്തരാകുമായിരുന്നില്ല. അതങ്ങനെത്തന്നെയാകുവാൻ അല്ലാഹു തുണക്കുകയും ചെയ്തു.

## കൂടിയാലോചനയുടെ പാഠം

ബദ്ർ ഇസ്‌ലാമിക സമൂഹത്തിലേക്ക് വിനിമയം ചെയ്യുന്ന ഏറ്റവും വലിയ സന്ദേശം കൂടിയാലോചനാസംസ്കാരമാണ്. ബദ്റിന്റെ മുന്നൊരുക്കങ്ങൾതൊട്ട് ബന്ദികളുടെ കാര്യത്തിൽ നിലപാട് സ്വീകരിക്കുന്നതിൽവരെ തിരുമേനി നടത്തിയ കൂടിയാലോചനകളും അന്യാഭിപ്രായങ്ങളോട് കാണിച്ച ആദരവും യുക്തമെന്നു തോന്നിയ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിൽ കാണിച്ച വിട്ടുവീഴ്ചയുമൊക്കെ നമ്മെ അത്ഭുതസ്തബ്ധരാക്കാതിരിക്കില്ല. അല്ലാഹുവിന്റെ ഭാഗത്തുനിന്ന് ദിവ്യബോധനം സിദ്ധിച്ചുകൊണ്ടിരിക്കുന്ന പ്രവാചകനോടുപോലും, ഒരു കാര്യം തീരുമാനിക്കുമ്പോൾ അത് ദൈവികനിർദേശമല്ലെങ്കിൽ കൂടുതൽ ഗുണകരം ഇങ്ങനെ ചെയ്യുന്നതായിരിക്കും എന്ന് ആർജവപൂർവം അഭിപ്രായം തുറന്നുപറയുന്ന അനുയായികളായിരുന്നു അവിടുത്തേത്.

അബൂസുഫ്യാന്റെ നേതൃത്വത്തിലുള്ള കച്ചവടസംഘം മുസ്‌ലിംസൈന്യത്തിന്റെ ദൃഷ്ടിയിൽപ്പെടാതെ രക്ഷപ്പെടുകയും മക്കയിൽനിന്ന് അബൂജഹ്ലിന്റെ നേതൃത്വത്തിലുള്ള സായുധസംഘം ബദ്റിനെ ലക്ഷ്യമാക്കി പുറപ്പെടുകയും ചെയ്തിരിക്കുന്നു എന്ന വിവരം അറിഞ്ഞപ്പോഴായിരുന്നു തിരുമേനി മുഹാജിറുകളോടും അൻസാറുകളോടും ആദ്യം കൂടിയാലോചന നടത്തിയത്. മദീനക്കു പുറത്തുവെച്ച് തിരുമേനിയെ സഹായിക്കാൻ അൻസാറുകൾ സന്നദ്ധമാകുമോ എന്നായിരുന്നു തിരുമേനിക്കറിയേണ്ടിയിരുന്നത്. അവസരത്തിനൊത്തുയർന്ന സഅ്ദുബ്നു മുആദ് അൻസാറുകളെ പ്രതിനിധീകരിച്ച് അർഥശങ്കക്കിടയില്ലാത്തവിധം നിലപാട് വ്യക്തമാക്കി: "ദൈവദൂതരേ.... താങ്കൾ ഞങ്ങളെ എവിടേക്ക് നയിച്ചാലും ഞങ്ങൾ ഒപ്പമുണ്ടാകും. ഞങ്ങളെയും കൊണ്ട് ഒരു സമുദ്രത്തിലേക്കാണ് താങ്കൾ എടുത്തുചാടുന്നതെങ്കിലും ഞങ്ങൾ പിറകോട്ടടിക്കാൻ പോകുന്നില്ല." ഈ അഭിപ്രായം തിരുമേനിക്ക് സമ്മാനിച്ച മനസ്സമാധാനം അനൽപ്പമായിരുന്നു. കുടുംബവാഴ്ചയുടെയും ചർച്ചുമേധാവിത്വത്തിന്റെയും അടഞ്ഞുപോയ മനോഘടനയാൽ ഭരിക്കപ്പെ

ട്ടുപോന്ന അന്നാളുകളിലെ യൂറോപ്പിനോട് ഈ ശൂറാസംസ്കാരത്തെ പറ്റി സംസാരിച്ചാൽ അവർക്കത് ബോധ്യപ്പെടാൻ എത്ര നൂറ്റാണ്ടെടുക്കും? അന്ന് യൂറോപ്പിൽ, യുദ്ധവേളകളിൽ പിന്തിരിഞ്ഞോടാതിരിക്കാനായി സൈനികരെ പരസ്പരം ചങ്ങലകളിൽ ബന്ധിക്കാറുണ്ടായിരുന്നത്രെ!

നൈലിന്റെ കവി ഹാഫിദ് ഇബ്റാഹീമിന്റെ വരികൾ നോക്കൂ:

*റഅ്യുൽ ജമാഅതി ലാ തശ്ഖൽ ബിലാദു ബിഹി*

*റഗ്മൽ ഖിലാഫി വ റഅ്യുൽ ഫർദി യുശ്ഖീഹാ*

(എന്തുമാത്രം ഭിന്നതയുണ്ടെങ്കിലും ഒരു സമൂഹത്തിന്റെ അഭിപ്രായം തുറന്നു പറയുന്നതു വഴി ഒരു ഭാഗ്യദോഷവും നാടിനു വരാനില്ല. എന്നാൽ വ്യക്തികളുടെ അഭിപ്രായം അടിച്ചേൽപ്പിക്കുന്നത് ദോഷം ചെയ്യാതിരിക്കില്ല). കൂടിയാലോചന തീരുമാനങ്ങൾക്ക് കൂട്ടുത്തരവാദിത്വം നൽകുന്നു. ശൂറയിൽ പങ്കാളികളായവരെല്ലാം തങ്ങളുടെ തീരുമാനത്തിന്റെ സുബദ്ധത സാക്ഷാത്കരിക്കാനായി സർവാത്മനാ അധ്വാനിക്കുന്നു. വിജയത്തിന്റെ ക്രെഡിറ്റ് ഏതെങ്കിലും വ്യക്തികളിലേക്ക് പരിമിതപ്പെടാതെ എല്ലാവരിലും വീതിക്കപ്പെടുന്നത് അനുയായികളിൽ ഔത്സുക്യവും സംഘബലവും വർധിപ്പിക്കുന്നു.

ബദ്ർ താഴ്വരയിലെത്തിയ മുസ്ലിം സൈന്യം തമ്പടിക്കാനുള്ള തയ്യാറെടുപ്പുകളിലായിരിക്കെ, തിരുമേനിയെ സമീപിച്ച് താനൊരു ആശയം പങ്കുവെക്കട്ടെ എന്നു പറഞ്ഞു അബ്ദുല്ലാഹിബ്നു റവാഹ(റ) അദ്ദേഹത്തെ ഹുബാബു ബ്നു മുൻദിറിന്റെ അടുത്തേക്ക് കൂട്ടിക്കൊണ്ടുപോയി. ഇസ്ലാമികസൈന്യം അപ്പോൾ തമ്പടിക്കാനൊരുങ്ങിയത് ബദ്റിലെ കിണറുകളിൽ ഏറ്റവും താഴ്ഭാഗത്തുള്ളതിന്റെ സമീപത്തായിരുന്നു. ഹുബാബുബ്നു മുൻദിർ ഏറെ ആദരപൂർവം തിരുമേനിയോട്, ഇപ്പോൾ തമ്പടിക്കാനൊരുങ്ങിയ സ്ഥലം ദൈവനിർദേശപ്രകാരമുള്ളതാണോ അതോ യുദ്ധതന്ത്രമെന്ന നിലയ്ക്കാണോ എന്നാരാഞ്ഞു. തിരുമേനിയുടെ യുദ്ധതന്ത്രവും സ്വാഭിപ്രായവുമാണതെന്ന് കേട്ടമാത്രയിൽ കൂടുതൽ മെച്ചപ്പെട്ട മറ്റൊരിടം കാണിക്കുകയും അവിടെ കിണറിനടുത്ത് തമ്പടിക്കാനും മറ്റു കിണറുകളെല്ലാം നികത്തി ഒരു ജലസംഭരണി നിർമിക്കാനും വേണ്ട ഒരുക്കങ്ങൾ വേഗം ചെയ്യണമെന്ന ആശയം അദ്ദേഹം മുന്നോട്ടുവെച്ചു. 'നീ പറഞ്ഞതാണ് ഏറ്റവും സുബദ്ധമായ അഭിപ്രായം'- തിരുമേനി ഹുബാബിനെ അഭിനന്ദിക്കുകയും ആ തന്ത്രം നടപ്പാക്കാനാവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. സുബദ്ധമായ അഭിപ്രായം ശ്രദ്ധയിൽപ്പെടുന്ന മാത്രയിൽ സ്വാഭിപ്രായം മാറ്റിവെക്കാനും അന്യാഭിപ്രായം സ്വീകരിക്കാനും തിരുമേനി കാണിച്ച ഔത്സുക്യം ഏതൊരു സഹചരനെയാണ് ആകർഷിക്കാതിരിക്കുക? ശൂറ നടത്തുന്നതിലൂടെ എല്ലാ ധിഷണകളെയും സ്വധിഷണയിൽ ആവാഹിക്കാൻ നേതാവിനാകുന്നു. അപരന്റെ വൈദഗ്ധ്യം തിരിച്ചറിഞ്ഞ് അംഗീകരിക്കുന്ന നിമിഷം അവൻ തന്റെ ആവനാഴിയിലെ അമ്പായി പരിണമിക്കുന്നു. ഈ ആദരവും തിരിച്ചറിവുമെല്ലാം യഥാർഥ ജേതാവിനെയും നേതാവിനെയും നമുക്ക് വരച്ചുകാണിച്ചു തരുന്നു.

ബദ്റ്യുദ്ധം അവസാനിച്ചപ്പോൾ 70 പേരെ ശത്രുപക്ഷത്തുനിന്ന് ബന്ദികളായി പിടികൂടിയിരുന്നു. അവരുടെ കാര്യത്തിൽ എന്തു നിലപാടെടുക്കണമെന്ന പ്രശ്നം മുന്നിൽ വന്നപ്പോൾ തിരുമേനി അനുചരന്മാരോട് കൂടിയാലോചനക്കിരുന്നു. ഉമറുബ്നുൽ ഖത്വാബും സഅ്ദുബ്നു മുആദും(റ) സത്യനിഷേധികളുടെ ശക്തി കുറക്കുകയെന്ന ലക്ഷ്യത്തോടെ ബന്ദികളെ ഒന്നൊഴിയാതെ വധിക്കണമെന്ന അഭിപ്രായക്കാരായിരുന്നു. അതേസമയം, മറ്റു അനുചരന്മാരെല്ലാം മോചനദ്രവ്യം വസൂലാക്കി വെറുതെ വിടണമെന്ന് അഭിപ്രായപ്പെട്ടു. തിരുമേനിയാകട്ടെ, ഭൂരിപക്ഷത്തിന്റെ അഭിപ്രായം മാനിക്കുകയും ശൂറാ തീരുമാനപ്രകാരം, പ്രായശ്ചിത്തം ഈടാക്കി ബന്ദികളെ വിട്ടയക്കുകയും ചെയ്തു. അന്നേരം, അക്ഷരാഭ്യാസമുള്ള ബന്ദികൾക്ക് തിരുമേനി നിശ്ചയിച്ച പ്രായശ്ചിത്തം മുസ്ലിംകുട്ടികളെ സാക്ഷരരാക്കുകയെന്നതായിരുന്നു. അങ്ങനെ തീരുമാനങ്ങളെല്ലാം നടപ്പാക്കിക്കഴിഞ്ഞപ്പോൾ, ഉമറിന്റെയും സഅ്ദിന്റെയും നിലപാടുകളെ സാധൂകരിച്ച് അല്ലാഹു ഖുർആൻ സൂക്തങ്ങൾ അവതരിപ്പിച്ചു. അതേ സമയം, ശൂറാതീരുമാനത്തിൽ പുനരാലോചന വേണമെന്ന് അല്ലാഹു നിർദേശിച്ചില്ലെന്ന കാര്യം പ്രത്യേകം ശ്രദ്ധയർഹിക്കുന്നു. ശൂറായെ മറികടന്ന് കാര്യങ്ങൾ നിർവഹിക്കുന്നത് അല്ലാഹു തന്നെ നിരുത്സാഹപ്പെടുത്തുകയാണിവിടെ. നോക്കൂ, ശൂറായെ അല്ലാഹു പ്രതിഷ്ഠിച്ചത് എത്ര ഉയരത്തിലാണ്! ■